# വീണ്ടെടുപ്പ് തിരിച്ചറിഞ്ഞു

അമ്പരപ്പിക്കുന്ന അനവധി പ്രവചനങ്ങൾക്കുള്ള ഉത്തരം പ്രവൃത്തികൾ നല്കുന്നുണ്ട്. ഈ പുസ്തകം ബൈബിളിൽ നിന്നു എടുത്തു മാറ്റിയാൽ, പഴയനിയമത്തെ സംബന്ധിച്ചു വളരെക്കുറച്ചു കാര്യങ്ങളേ നമുക്കു ബോധ്യമാകയുള്ളു കാരണം അനവധി മുൻ പ്രവചനങ്ങൾ നിറവേറപ്പെട്ടതു അറിയാതെ പോകും! പുതിയ നിയമത്തെ സംബന്ധിച്ചും അതു വാസ്തവമാണ്, കാരണം പ്രവൃത്തികളിൽ സംഭവിച്ചതറിയാതെ, തുടർന്നു നടത്തിയ ഉപദേശങ്ങളെക്കുറിച്ച് നാം അധികമൊന്നും അറിയാതെ പോകും.

പ്രവൃത്തികളുടെ പുസ്തകത്തിൽ ആണ് ദൈവത്തിന്റെ മഹത്തായ വീണ്ടെടുപ്പു പദ്ധതി കേന്ദ്രീകരിച്ചിരിക്കുന്നത്. ഈ പുസ്തകത്തിനു മുൻപുള്ളതെല്ലാം ഇതിൽ സംഭവിക്കുന്നതിലേക്കു വിരൽ ചൂണ്ടുന്നു; ഈ ബുക്കിനു ശേഷമുള്ളതെല്ലാം മുന്നറിയിച്ചിരി ക്കുന്നതു പ്രവൃത്തികളിൽ രേഖപ്പെടുത്തിയിരിക്കുന്നു. അടിയന്തരമായ അറിവും പൂർണ്ണതയും, തികച്ചും, ഐക്യതയും ബൈബിളിൽ ഉണ്ടെ ന്നു പ്രവൃത്തികൾ ഗ്രഹിച്ചാൽ നമുക്കു കാണാം. ഈ പുസ്തകമില്ലെ ങ്കിൽ ഒരു പതറുന്ന ശൂന്യതയായിരിക്കും ഫലം.

### പ്രവൃത്തികൾ ഒരു ആരംഭമായിട്ട്

പഴയ നിയമമായ ഉല്പത്തി പോലെ പ്രവൃത്തികൾ ആരംഭങ്ങളുടെ പുസ്തകമാണ്. വാസ്തവത്തിൽ, പ്രവൃത്തികൾ 2-ാം അദ്ധ്യായത്തിൽ പറഞ്ഞ കാര്യങ്ങൾ സംഭവിച്ചിട്ട് ഏതാണ്ട് പത്തു വർഷങ്ങൾക്കു ശേഷം, പത്രൊസ് ആ “ആരംഭത്തെക്കുറിച്ച്” പറയുന്നുണ്ട് (പ്രവൃത്തികൾ 11:15). പുതിയ നിയമം യേശുവിന്റെ ജീവചരിത്രത്തോടുകൂടെയാണ് ആരംഭിക്കുന്നതെങ്കിലും, ഗൗരവമേറിയ ബൈബിൾ പഠിക്കുന്നയാൾക്ക് മനസ്സിലാക്കുവാനുള്ള ധാരാളം പ്രാമുഖ്യമായ ആരംഭങ്ങൾ പ്രവൃത്തികളിൽ കാണാം. (യേശുവിന്റെ ജീവിതം, ക്രൂശീകരണം വരെ സംഭവിക്കുന്നതു, പഴയ നിയമസമയമായ, മോശെയുടെ പ്രമാണത്തിൽ കീഴിലാണ് സംഭവിക്കുന്നത്.)

പെന്തെക്കൊസ്തു നാളിലെ സംഭവങ്ങളിൽ (പ്രവൃത്തികൾ 2) ആദ്യമായി സുവിശേഷം പൂർണ്ണമായി പ്രസംഗിക്കുന്നതും അടങ്ങുന്നു. “യേശു തന്നെ ക്രിസ്തു എന്ന അധികാരത്തിൽ,” മാനസ്സാന്തരപ്പെട്ടു

സ്നാനമേല്ക്കുവാൻ വിശ്വസിച്ചവരോട് ആവശ്യപ്പെടുകയുണ്ടായി (പ്രവൃത്തികൾ 2:38). അതായിരുന്നു സഭയുടെ ആരംഭ സമയവും, അതായതു പ്രത്യേകമായ വിധത്തിൽ വിളിച്ച് – വേർതിരിക്കപ്പെട്ടവരുടെ കൂട്ടം. സഭ ദൈവത്തിന്റെ മന്ദിരമായി ജീവൻ ലഭിക്കുവാൻ പരിശുദ്ധാത്മാവിന്റെ പ്രത്യേക പ്രവൃത്തികൾ ആരംഭിച്ചതും അപ്പോഴായിരുന്നു (1 കൊരിന്ത്യർ 3:16). സാർവ്വ ലൗകിക സുവിശേഷീകരണം ആരംഭിക്കുന്നതും അന്നായിരുന്നു, കാരണം മുൻപ് ഒരിക്കലും അത്തരം പ്രചോദനം എല്ലാ ആളുകളിലേക്കും എത്തിച്ചിരുന്നില്ല. പഴയ നിയമത്തിൽ ഉല്പത്തി എങ്ങനെയോ അങ്ങനെയാണ് പുതിയ നിയമത്തിൽ പ്രവൃത്തികളുടെ പുസ്തകം.

ഉടനെയുള്ളതും ഞെരിക്കുന്നതുമായ ''രണ്ട്'' എന്നതിന്റെ ഉപയോഗം പ്രവൃത്തികളിൽ കാണുന്നുണ്ട്: അദ്ധ്യായങ്ങൾ 1 മുതൽ 12 വരെയും 13 മുതൽ 28 വരെയും സുവിശേഷീകരണം, രണ്ടു പ്രമുഖ വ്യക്തികളാൽ നയിക്കപ്പെടുന്നു: പത്രൊസും പൗലൊസും. പത്രൊസിന്റെയും പൗലൊസിന്റെയും സുവിശേഷ പ്രവർത്തനങ്ങൾ ആരംഭിക്കുന്നത് അറിയപ്പെടുന്ന രണ്ടു പട്ടണങ്ങളിൽ നിന്നാണ്: യെരുശലേം സുറിയയിലെ അന്ത്യൊക്യയും. രണ്ടും മുഖ്യ മത വ്യവസ്ഥകൾ, യെഹൂദമതവും ക്രിസ്ത്യാനിത്വവും, അത് യേശു മോശെയുടെ ന്യായപ്രമാണം നിറവേറ്റി "സ്വാതന്ത്ര്യത്തിന്റെ തികഞ്ഞ പ്രമാണം" സ്ഥാപിച്ചപ്പോൾ ചരിത്രരേഖയായിത്തീർന്നു (ലൂക്കൊസ് 24:44, 45; യാക്കോബ് 1:25). ക്രിസ്തുവിൽ ദൈവത്തിന്റെ നിത്യമായ ഉദ്ദേശം തിരിച്ചറിയുവാൻ ഈ രണ്ടു മതവ്യവസ്ഥകളുടെ ബന്ധം മനസ്സിലാക്കേണ്ടതു ആവശ്യമാണ്.

## പ്രവൃത്തികൾ ഒരു നിറവേറൽ ആയി

സ്ത്രീയുടെ സന്തതി പിശാചിന്റെ തല തകർക്കും എന്ന് ദൈവം സാത്താനോട് ആദാമിന്റെയും ഹവ്വയുടേയും സാന്നിധ്യത്തിൽ പറഞ്ഞു (ഉല്പത്തി 3:15). ഈ പ്രവചനം നിവർത്തിയായതു യേശു അഭിഷിക്തനായ രാജാവും, ''ക്രിസ്തുവും'' ആയപ്പോൾ, ആയിരക്കണക്കിനു വർഷങ്ങൾക്കു ശേഷമാണ് (പ്രവൃത്തികൾ 2:36). യേശു മരിച്ചവരിൽ നിന്നു ഉയിർത്തെഴുന്നേറ്റു ദൈവപുത്രനെന്നു തെളിയിച്ചതുകൊണ്ട്, അവന്നു ക്രിസ്തുവായി തീരാൻ കഴിഞ്ഞു എന്നു, പത്രൊസ് പ്രവൃത്തികൾ 2:32, 36-ൽ പ്രസംഗിച്ചു (റോമർ 1:4). അവൻ ഉയിർത്തെഴുന്നേറ്റതിന്റെ ഫലമായി, അവന്റെ എല്ലാ അനുയായികൾക്കും വിജയം തരപ്പെടുത്തി (1 കൊരിന്ത്യർ 15:57). ഭൂമിയിൽ വന്നു, ഉപദേശിപ്പാൻ ജീവിക്കയും, രക്ഷിപ്പാൻ മരിക്കയും, വാഴുവാൻ ഉയിർത്തെഴുന്നേല്ക്കയും ചെയ്ത്, യേശു "ബദ്ധന്മാരെ പിടിച്ചുകൊണ്ടു പോയി'' (എഫെസ്യർ 4:8). അവൻ "സാത്താന്റെ പ്രവൃത്തികളെ നശിപ്പിച്ചു" (1 യോഹന്നാൻ 3:8). അവൻ സർപ്പത്തിന്റെ തല തകർത്തു!

തന്നെപ്പോലെ ഒരു പ്രവാചകനെ ദൈവം എഴുന്നേല്പിക്കുമെന്നും, ആളുകൾ എല്ലാം അവനെ കേൾക്കണമെന്നും പറഞ്ഞിരുന്നു (ആവർത്തനപുസ്തകം 18:15-19). പ്രവൃത്തികൾ 3:18-24-ൽ, അവൻ

തന്നെ യാണ് യേശു എന്നാണ് പത്രൊസ് പറഞ്ഞത്.

ദാവീദ് രാജാവിന്റെ വംശാവലിയിൽ നിന്നു രക്ഷകൻ വരുമെന്ന് വാഗ്ദാനം ചെയ്തിരുന്നു (2 ശമുവേൽ 7:12, 13), യേശു മരിച്ചവരിൽ നിന്നു ഉയിർത്തെഴുന്നേറ്റപ്പോൾ ആ വാഗ്ദാനം നിറവേറിയതായി പത്രൊസ് പ്രസംഗിച്ചു (പ്രവൃത്തികൾ 2:30-32). ദിനവൃത്താന്തമായി ദാവീദിനു മശിഹയെക്കുറിച്ച് കൊടുത്ത അരുളപ്പാട് പറയുന്നതു "നിന്റെ സന്തതികളിൽ ഒരുവൻ" മശിഹയായി വരും എന്നാണ് (1 ദിനവൃത്താന്തം 17:11, 12), ഈ വസ്തുത പത്രൊസിന്റെ പ്രസംഗത്തിലും ഉൾപ്പെടുന്നുണ്ട് (പ്രവൃത്തികൾ 2:30).

"അന്ത്യകാലത്തിന്റെ" മഹത്വം യേശയ്യാവു പറയുന്നതു, അതു രക്ഷ സകല മനുഷ്യർക്കും വരുമ്പോഴത്രെ (യെശയ്യാവ് 2:1-4). ഈ "അന്ത്യകാലത്ത്" ദൈവ ജനത്തിന്മേൽ ദൈവത്തിന്റെ ആത്മാവ് പ്രത്യേക രീതിയിൽ വരുമെന്ന് യോവേൽ പറഞ്ഞു (യോവേൽ 2:28). യോവേൽ 2:44-ൽ, നെബൂഖദ്നേസർ ഒരു വലിയ ബിംബത്തെ സ്വപ്നം കണ്ടു, വ്യാഖ്യാനിച്ചുകൊടുത്തുകൊണ്ട് ദാനിയേൽ പറഞ്ഞു "ഈ രാജാക്കന്മാരുടെ കാലത്ത്" ദൈവത്തിന്റെ രാജ്യം ആരംഭിക്കും, രാജാക്കന്മാരെ പ്രതിനിധാനം ചെയ്തതാണ് ബിംബം.[1] ഈ രാജ്യം ഏറ്റവും ശക്തവും നിത്യവും ആയിരിക്കും (ദാനിയേൽ 2:44). പ്രവൃത്തികൾ 2 ലെ, പെന്തെക്കൊസ്തു നാളിലെ സംഭവങ്ങൾ എല്ലാം, ഈ പ്രവചനങ്ങൾ ഫലവത്തായതായിരുന്നു.[2]

"ദാവീദിന്റെ കൂടാരത്തെ" ക്കുറിച്ചു ആമോസ് പറഞ്ഞതു സകല ദേശങ്ങളും ദൈവത്തിന്റെ കൂട്ടായ്മയുടെ ഭാഗമാകുന്ന കാലം യഥാസ്ഥാനമാകും എന്നാണ് (ആമോസ് 9:11, 12). ദാവീദ് മുഖാന്തരം ഉള്ള ദൈവത്തിന്റെ രാജവാഴ്ച്ചയെയും തുടർന്നു വരുന്ന "കൂടാര" പ്രവചനം എന്ന ആരാധനയുള്ളത്. ഈ വാഗ്ദാനങ്ങൾ ക്രിസ്തുവിന്റെ സുവിശേഷങ്ങൾ നിവർത്തികരിക്കപ്പെട്ടിരിക്കുന്നതിനെ യാക്കൊബ് പറഞ്ഞിട്ടുണ്ട് (പ്രവൃത്തികൾ 15:15-18).

യേശു തന്റെ സഭ പണിയുമെന്നും പാതാളഗോപുരങ്ങൾ അതിനെ ജയിക്കയില്ല എന്നും വാഗ്ദാനം ചെയ്തിരുന്നു (മത്തായി 16:18). സഭ എങ്ങനെ അതിന്റെ പ്രവർത്തനങ്ങൾ തുടങ്ങി എന്നു, പ്രവൃത്തികളുടെ പുസ്തകം കൂടാതെ നാം അറിയാനിടയില്ല (പ്രവൃത്തികൾ 2). രക്ഷി ക്കപ്പെട്ടവരെ ദൈവത്തോടുള്ള കൂട്ടായ്മയിലേക്കു ചേർക്കപ്പെട്ടു (പ്രവൃത്തികൾ 2:41, 47), അവർ വിളിക്ക-പ്പെട്ടവർ, സഭ എന്നറിയപ്പെ ടാൻ തുടങ്ങി (പ്രവൃത്തികൾ 5:11).

തന്റെ രാജ്യം ശക്തിയോടുകൂടി വരുമെന്നും യേശു വാഗ്ദാനം ചെയ്തിരുന്നു (മർക്കൊസ് 9:1) ആ ശക്തി ലഭിക്കുന്നതു പരിശുദ്ധാ ത്മാവു വരുമ്പോഴാണ് എന്നും പറഞ്ഞിരുന്നു (പ്രവൃത്തികൾ 1:8). പെന്തെക്കൊസ്തു നാളിൽ പരിശുദ്ധാത്മാവ് അപ്പൊസ്തലന്മാരിൽ വന്നപ്പോൾ, ആ ശക്തിവന്നു (പ്രവൃത്തികൾ 2:1-4). അതുകൊണ്ട്, രാജ്യം തീർച്ചയായും വന്നിരിക്കണം; അതു ഭൂമിയിൽ സ്ഥാപിക്കപ്പെട്ടി രിക്കുന്നു അഥവാ പ്രാവർത്തികമായിരിക്കുന്നു.

താൻ പോയശേഷം, പരിശുദ്ധാത്മാവു ഒരു കാര്യസ്ഥനായി

അവരിലേക്കു വരുമെന്ന് യേശു അപ്പൊസ്തലന്മാരോടു വാഗ്ദാനം ചെയ്തിരുന്നു (യോഹന്നാൻ 16:7-13). അവൻ വാഗ്ദാനം ചെയ്തതു പോലെ അവൻ അപ്പൊസ്തലന്മാരിൽ വന്നു (പ്രവൃത്തികൾ 2:1-4).

**ഉപസംഹാരം**

ദൈവത്തിന്റെ മഹത്തായ വീണ്ടെടുപ്പുപദ്ധതി മനസ്സിലാക്കുവാനുള്ള മുഖ്യതാക്കോൽ ആണ്, പ്രവൃത്തികൾ; കൃപയുടെ സുവിശേഷം യാഥാർത്ഥ്യമാക്കലാണ്. പെന്തെക്കൊസ്തു നാളിനു മുൻപു കൊടുത്ത മുന്നറിയിപ്പുകളുടേയും പ്രവചനങ്ങളുടെയും കാർമേഘങ്ങളെ പ്രവൃത്തികൾ നീക്കുകയാണ്. ഈ പുസ്തകം കൂടാതെ, "ധന്യനായ ഏകാധിപതിയും, രാജാധി രാജാവും കർത്താധി കർത്താവും" എന്നതു നമുക്കു ശരിയായി മനസ്സിലാകുമായിരുന്നില്ല (1 തിമൊഥെയൊസ് 6:15).

മറ്റു പുസ്തകങ്ങൾ എല്ലാം ചുറ്റും കറങ്ങുന്ന ഒരു "ചക്രത്തിന്റെ കുടം" പോലെ ആണ് പ്രവൃത്തികൾ. ഈ പുസ്തകത്തിൽ കാണുന്ന വലിയ സത്യങ്ങൾ നാം മനസ്സിലാക്കേണ്ടതു ആവശ്യമാണ്! അല്ലെങ്കിൽ, മനുഷ്യൻ പരിപോഷിപ്പിക്കുന്ന തെറ്റുകളിലേക്ക് ഒരാൾ വഴി തെറ്റി സഞ്ചരിച്ചു പോകും. ഏക പുതിയ നിയമ സഭയുടെ ചരിത്ര ലാളിത്വം മനസ്സിലാക്കുവാൻ പരാജയപ്പെട്ടതാകാം ഒരു പക്ഷെ എല്ലാ നാമധേയ വിഭാഗക്കാർക്കും പറ്റിയ കുഴപ്പം. അവർക്കു ഈ പുസ്തകം മനസ്സിലായാൽ മാത്രമെ, നാമധേയവിഭാഗക്കാർ പാപത്തിനുള്ള ദൈവത്തിന്റെ ഉത്തരമല്ല എന്നു അവർക്കു തിരിച്ചറിയാൻ കഴിയു.

പാപത്തെ കൈകാര്യം ചെയ്യുവാൻ താൻ എന്താണ് രൂപപ്പെടുത്തിയിരിക്കുന്നതു എന്നു ദൈവം ഈ പുസ്തകത്തിൽ പറയുന്നു. നിത്യതയിൽ രക്ഷിക്കുവാനുള്ള ക്രിസ്തുവിന്റെ ഏക വാഗ്ദാനമായ അവന്റെ ആത്മിയ ശരീരമാകുന്ന, സഭയിൽ, പരിഹാരം കാണാം (എഫെസ്യർ 1:22, 23; 5:23). സഭ ഒരു നാമധേയ വിഭാഗമല്ല, ഒരു നാമധേയ വിഭാഗവും സഭയുമല്ല. എല്ലാ നാമധേയ വിഭാഗങ്ങളും മനുഷ്യരുടെ കണ്ടു പിടിത്തങ്ങളാണ്; സഭ ക്രിസ്തുവിൽ ദൈവത്തിന്റെ നിത്യ ഉദ്ദേശഫലമാണ്. കർത്താവിന്റെ സഭ (എഫെസ്യർ 3:11). ഒന്നാം നൂറ്റാണ്ടിൽ ആയിരക്കണക്കിനു പുരുഷാരം രക്ഷി ക്കപ്പെടുകയും സ്വർഗ്ഗത്തിലേക്കു പോകുവാൻ അവസരം ഉപയോഗി ക്കയും ചെയ്തു, അന്ന് ഏതൊരു നാമധേയ വിഭാഗത്തിന്റേയും ആവിർ ഭാവത്തിനു മുൻപാണ്. പ്രവൃത്തികളുടെ പുസ്തകത്തിൽ രേഖപ്പെടുത്തിയിരിക്കുന്നതുപോലെ അതു ആളുകൾ ചെയ്തതു പോലെ ഇന്നു ആളുകൾ വിശ്വസിക്കയും, അനുസരിക്കയും, ജീവിക്ക യും ചെയ്താൽ അതേ രക്ഷ ഏവർക്കും ആസ്വദിക്കാം.

ബൈബിളിലെ മറ്റേതൊരു ദൈവശ്വാസിയ പുസ്തകത്തേക്കാളും പ്രാധാന്യമുള്ള പുസ്തകമാണ് പ്രവൃത്തികൾ, എങ്കിലും മറ്റു അറു പത്തി - അഞ്ചു പുസ്തകങ്ങളും മനസ്സിലാക്കവാനുള്ള താക്കോലാണ് ഇവ. പ്രവചനത്തിനുള്ള ഉത്തരമാണ് തീർച്ചയായും പ്രവൃത്തികൾ.

കുറിപ്പുകൾ

[1]നാല് ലൗകിക രാജ്യങ്ങൾ നെബൂഖെദ് നേസറിന്റെ സ്വപ്നങ്ങൾ സൂചിപ്പിച്ചിട്ടുണ്ട്. ബിംബത്തിന്റെ തല തങ്കം കൊണ്ടും, നെഞ്ചും തോളും വെള്ളികൊണ്ടും, വയറും തുടയും താമ്രം കൊണ്ടും, ഇരുമ്പുകൊണ്ടും, കാൽ പാദം പാതി ഇരുമ്പുകൊണ്ടും പാതി കളിമണ്ണു കൊണ്ടും ആയിരുന്നു. ബാബിലോണിനു ശേഷം, മറ്റു മൂന്നു പ്രബല രാജ്യങ്ങൾ വന്നു. അതുകൊണ്ട്, ബാബിലോൺ പ്രതിനിധീകരിക്കുന്നതു തങ്കമാണ്, മേദ്യ-പാർസി വെള്ളിയും, ഗ്രീക്ക് താമ്രത്തെയും, റോമാ സാമ്രാജ്യം ഇരുമ്പും പാദം പാതി കളിമണ്ണും പാതി ഇരുമ്പും നാലാമത്തെ രാജ്യത്തെയാണ്, അല്ലാതെ വ്യത്യസ്ത രാജ്യത്തെ അല്ല സൂചിപ്പിക്കുന്നത്. ദാനിയേൽ 2:34 ലെ ചെറിയ കല്ല് വന്നു ബിംബത്തെ ഉലച്ചു കാലിലെ കളിമണ്ണും ഇരുമ്പും വേറിട്ടും, ബിംബം മുഴുവനും തകർന്നുപോയി. കൈകൊണ്ടല്ലാത്ത കല്ലു വളർന്നു, ഒരു പർവ്വതമായി ഭൂമി മുഴുവൻ നിറഞ്ഞു (ദാനിയേൽ 2:35). [2]യേശു ക്രിസ്തുവിന്റെ നാമത്തിൽ പഠിപ്പിച്ചിട്ടുള്ള ചില ഉപദേശങ്ങൾ ശരിയായി മനസ്സിലാക്കുവാൻ സഹായിക്കുന്ന കുറെ മുഖ്യ ആശയങ്ങൾ മുന്നറിയിച്ചിട്ടുള്ളത് നിറവേറിയതു നോക്കിയാൽ മതി. “അന്ത്യനാൾ” (യെശയ്യാവ് 2:2; പ്രവൃത്തികൾ 2:17) എന്നതിന്റെ പര്യായമാണ് “ഈ രാജാക്കന്മാരുടെ കാലത്ത്” (ദാനിയേൽ 2:44). “യഹോവയുടെ ആലയമായ പർവ്വതം” (യെശയ്യാവ് 2:2) അത് അർത്ഥമാക്കുന്നത് “രാജ്യം” ആണ് (ദാനിയേൽ 7:13, 14) “ദാവീദിന്റെ സിംഹാസനം” (പ്രവൃത്തികൾ 2:30), അല്ലെങ്കിൽ “ദാവീദിന്റെ കൂടാരം” (ആമോസ് 9:11). രക്ഷയുടെ അനുഗ്രഹങ്ങൾ “സകല ദേശക്കാർക്കും” ഉള്ളതത്രെ (യെശയ്യാവ് 2:2) “അനേക വംശങ്ങൾ” (യെശയ്യാവ് 2:3). ഈ മഹത്തായ സംഭവങ്ങൾ എല്ലാം ആരംഭിക്കേണ്ടത് “സിയോനിൽ” നിന്നത്രെ (യോവേൽ 2:32). “പർവ്വതങ്ങളുടെ ശിഖരം” (യെശയ്യാവ് 2:2) “യെരുശലേം” (ലൂക്കൊസ് 24:47) എന്നിവ ഭൂമിശാസ്ത്രപരമായി അതേ സ്ഥലത്തെ സൂചിപ്പിക്കുന്നു.

© 2009 Truth for Today